LIBRARY ARCHIVES Kerala Legislative Assembly

കോമേഴ്സ് ലക്ചററുടെ എഴുത്തു പരീക്ഷ

104 [856] ശ്രീ. വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കോമേഴ്സ് ലക്ചററായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ ക്ഷണിച്ച അപേക്ഷ പ്രകാരം നിയമനത്തിനുള്ള എഴുത്ത് പരീക്ഷ നടത്തിയതെന്നായിരുന്നു;

(ബി) പ്രസ്തുത എഴുത്തു പരീക്ഷയുടെ ചോദ്യക്കടലാസിലെ ചോദ്യങ്ങളിലും ഉത്തര സൂചികയിലും ഉള്ള പാകപ്പിഴകൾ ചൂണ്ടിക്കാട്ടി ഉദ്യോഗാർത്ഥികൾ കോടതിയെ സമീപിച്ചിരുന്നുവോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കോടതി ഉത്തരവ് എന്തായിരുന്നു;

(ഡി) അതനുസരിച്ച് ചോദ്യക്കടലാസും ഉത്തരസൂചികയും വിദഗ്ദനെക്കൊണ്ട് പരിശോധിപ്പിച്ചുവോ;

(ഇ) എങ്കിൽ അവയിൽ എന്തെല്ലാം തെറ്റുകൾ കണ്ടെത്തി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മലയാളം ലക്ചറർ തസ്തികയിലെ നിയമനം

105 [857] ശ്രീ. ബി. വിജയകുമാർ:

,, ജോർജ് ജെ. മാത്യു:

,, വി. ജെ. പൗലോസ്:

,, എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മലയാളം ലക്ചറർ ആയി പി.എസ്.സി. ഏറ്റവും ഒടുവിൽ അപേക്ഷ ക്ഷണിച്ചതനുസരിച്ച് നടത്തിയ എഴുത്ത് പരീക്ഷയിലെ ചോദ്യപ്പേപ്പറിന്റെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത പോസ്റ്റിൽ നിയമിക്കപ്പെടുന്നതിന് അപേക്ഷിച്ചവരിൽ ചിലർ ഹൈക്കോടതിയെ സമീപിച്ചിരുന്നുവോ എന്ന് പറയാമോ;

(ബി) പ്രസ്തുത കേസിൽ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് എന്തായിരുന്നു. പ്രസ്തുത ഉത്തരവിനെ അവഗണിച്ചുകൊണ്ട് പി. എസ്. സി. പ്രസ്തുത എഴുത്തു പരീക്ഷയെ അടിസ്ഥാനമാക്കിയുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചുവോ; ആരാണ് ഇതിന് ഉത്തരവ് നൽകിയത്?